# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ: ഇ3/4060/2024/എബിറ്റിറ്റി/3438 തീയതി : 09.12.2024

**റീ ക്വട്ടേഷൻ പരസ്യം**

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് – 2025 പൊങ്കാല മഹോത്സവം – കുത്തിയോട്ട കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനാവശ്യമായ **തൂത്തുക്കുടി വാഴയില സപ്ലൈ** ചെയ്യുന്നത് സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2025-ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് 07.03.2025 മുതൽ 12.03.2025 വരെ കുത്തിയോട്ട കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനാവശ്യമായ **തൂത്തുക്കുടി വാഴയില സപ്ലൈ** (ഉദ്ദേശം 900 ഇല ഒരു ദിവസത്തേയ്ക്ക്) ചെയ്യുന്നതിന് കരാറുകാരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1 പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് 07.03.2025 മുതൽ 12.03.2025 വരെ കുത്തിയോട്ട കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനാവശ്യമായ തൂത്തുക്കുടി വാഴയില ക്ഷേത്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. മേൽപറഞ്ഞ തരത്തിലുള്ള തൂത്തുക്കുടി വാഴയില 100 (നൂറ്) എണ്ണത്തിന്റെ തുക ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

2 ക്വട്ടേഷനുകൾ സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട്, തിരുവനന്തപുരം-9 എന്ന വിലാസത്തിൽ **14.12.2024 ശനിയാഴ്ച** വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിക്കേണ്ടതും അന്നേദിവസം വൈകുന്നേരം 4.30 മണിക്ക് ക്വട്ടേഷൻ നൽകിയിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ 5000 രൂപയ്ക്ക് ട്രസ്റ്റ് ഓഫീസിൽ തുക അടച്ച രസീതോ, ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റോ അടക്കം ചെയ്തിരിക്കണം. കുത്തിയോട്ട കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും പരിഗണനയ്ക്ക് ശേഷം അനുയോജ്യനായ കരാറുകാരനെ തെരഞ്ഞെടുക്കുന്നതാണ്. ട്രസ്റ്റിൽ നിന്നും രേഖാമൂലമായ അറിയിപ്പു ലഭിച്ചതിനുശേഷം കരാർ ലഭിക്കുന്നയാൾ ട്രസ്റ്റ് വ്യവസ്ഥകൾ അംഗീകരിച്ച് 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് എഴുതി ഒപ്പിട്ട് നൽകേണ്ടതുമാണ്. ക്വട്ടേഷൻ നൽകുന്ന കവറിന്റെ പുറത്ത് **"കുത്തിയോട്ട കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനാവശ്യമായ തൂത്തുക്കുടി വാഴയില സപ്ലൈ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. കാരണം കൂടാതെ തന്നെ ക്വട്ടേഷനുകൾ ഭാഗികമായോ പൂർണ്ണമായോ നിരസിക്കുവാനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ക്ഷേത്ര ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഇതിനും ബാധമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,

സെക്രട്ടറി

**നോട്ടീസ് ബോർഡ് : 1. ക്ഷേത്രം.**

**2. ഓഫീസ്** 3. വെബ് സൈറ്റ്

പകർപ്പ് : 1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2025
3 ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2025
4. കൺവീനർ, കുത്തിയോട്ട കമ്മിറ്റി, പൊങ്കാല മഹോത്സവം-2025
5. ഫയൽ.